നം.കെഎസ്എ-കെടിഎം.പി.11-118/2017 തീയതി -13.07.2017

# കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2016 മുതൽ 26.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.12.2016 മുതൽ 31.5.2017 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 06 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 4.07.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.06.2017 മുതൽ 04.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജേഷ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.വത്സല.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ .ജയകുമാർ.വി.ജി. | 01.04.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ആർ.വേണുഗോപാൽ | 01.04.2016 മുതൽ31.03. 2017 വരെ |
| അസി.സെക്രട്ടറി | ശ്രീ .മുഹമ്മദ് റഫീബ്.റ്റി.എസ് | 01.04.2016 മുതൽ 02.01.2017 വരെ |
| | ശ്രീമതി രജനിമോൾ.റ്റി.ഡി. | 03.01.2017 മുതൽ 31.03.2017 |
| വെറ്ററിനറി സർജൻ | ശ്രീ.സുബിൻ.എം.എസ്. | 01.04.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ | ശ്രീ .സിയാദ്.വി.എ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | ശ്രീ.അജികുമാർ.വി.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സന്ധ്യ സുധാകരൻ<br>ഡോ.ജിസ് ബി.ജോൺ | 01.04.2016മുതൽ 24.08.2016വരെ<br>25.08.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീതാമോൾ.സി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ. | ശ്രീമതി സുശീല.എൻ.ബി. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.എം.റഹിം. | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 2-2 | വസ്തു നികുതി നിർണ്ണയം റോഡുകളുടെ യഥാർത്ഥ വീതി പരിഗണിക്കുന്നില്ല |
| 2-3 | തൊഴിൽ നികതി ഈടാക്കിയില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തെരുവുവിളക്കുകൾക്ക് നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല--വൈദ്യുതി ചാർജ്ജിനത്തിൽ വലിയ ചെലവ് |
| 3-2 | സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല |
| 3-3 | പശ്ചിമഘട്ട വികസനപദ്ധതി--ഉക പൂർണ്ണമായും തിരികെ ഒടുക്കിയിട്ടില്ല |

| | |
|---|---|
| 3-4 | ആസ്ബസ്റ്റോസ് റൂഫിൽ സീലിംഗ്--കോൺക്രീറ്റ് മെൽക്കൂരയിലെ സീലിംഗിനുള്ള നിരക്ക് നൽകി |
| 3-5 | ദുരിതാശ്വാസ നിധി--തുടർനടപടികളില്ല |
| 3-6 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ--മരുന്ന് ലഭ്യമായിട്ടില്ല |
| 3-7 | ആയുർവ്വേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ--മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 3-8 | വ്യക്തിഗത ഗുണഭോകത്ാക്കൾ ആദ്യഗഡു തുകകൾ കൈപ്പറ്റിയത്--തുടർ നടപടികൾ നിരീക്ഷിക്കേണ്ടതാണ്. |
| 3-9 | വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമല്ല--ചെലവ് തടസ്സപ്പെടുത്തുന്നു. |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2016 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016 -17 വർഷത്തെ പുതുക്കിയ ബജറ്റ് 15-3-2017 തിയതിയിലെ 4-ാം നം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 17689036 | 9545134 |
| വരവ് | 142344549 | 39614283 |

| | | |
|---|---|---|
| ആകെ | 160033585 | 49159417 |
| ചെലവ് | 154947500 | 36470350 |
| നീക്കിയിരിപ്പ് | 5086085 | 12689067 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നു.പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയാറാക്കേണ്ടതും ബജറ്റും യഥാർത്ഥ തുകകളും തമ്മിലെ അന്തരം ലഘൂകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

വാർഷികധനകാര്യപത്രിക 22.06.2017 ന് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-2017 | 2016-17 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചു. |

പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പെയ്മെന്റ് അക്കൗണ്ട് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9545134 |
| വരവ് | 39614283 |
| ആകെ | 49159417 |
| ചെലവ് | 36470350 |
| നീക്കിയിരിപ്പ് | 12689067 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9154759 | 9154759 | 6121813 | 3032946 | 66.87 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9673503 | 9673503 | 5176009 | 4497494 | 53.5 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 468396 | 468396 | 146298 | 322098 | 31.23 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9015417 | 9015417 | 3894610 | 5120807 | 43.2 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 864356 | 1690399 | 33.83 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5134701 | 5134701 | 2924564 | 2210137 | 56.95 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 2774018 | 2774018 | 1585386 | 1188632 | 76.69 |
| MNREGS | 274 | 16112463 | 16112737 | 16111422 | 1315 | |
| ബി ഫണ്ട് | 0 | 23489315 | 23489315 | 23489315 | 0 | |

## 1-6 പദ്ധതി അവലോകനം.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി 30.1.2017 ലെ ഒന്നാം നമ്പർ തീരുമാനത്തിലൂടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച 2016-17 ലെ വാർഷിക പദ്ധതിക്ക് ഉത്തരവ് നം 490/16 /DPC/DPO/KTM തീയതി 27.3.2017 ആയി ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭ്യമായി. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 58194839 | 87 | 24419087 | 57 | 11 | 56 |

155 പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 87 എണ്ണം പൂർണമായും 57എണ്ണം ഭാഗികമായും നടപ്പിലാക്കി.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 38 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 2385040 | 3265638 | 880598 | 37 |
| നികുതിയേതര വരവുകൾ | 706154 | 987937 | 281783 | 40 |
| മറ്റു വരവുകൾ | 146684 | 222534 | 75850 | 52 |
| ആകെ | 3237878 | 4476109 | 1238231 | 38 |

വാർഷിക കണക്കുകളിൽ നിന്ന് ലഭ്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് കണക്കുകൾ തയാറാക്കിയിട്ടുള്ളത്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 99000 | 90 |
| കർഷകതൊഴിലാളി പെൻഷൻ | 2107390 | 253 |
| വിധവാപെൻഷൻ | 6325630 | 651 |
| വാർദ്ധക്യകാലപെൻഷൻ | 12608935 | 1283 |
| വികലാംഗപെൻഷൻ | 2063570 | 241 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള | 254790 | 31 |

| പെൻഷൻ | | |
|---|---|---|

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.7.2017 തീയതിയിൽ 3പി.എം.-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 125974/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ഇതിൽ 10094/-രൂപ കൗണ്ടർ കളക്ഷനും ബാക്കി തുക ശമ്പളം, ഹോണറേറിയം ഇനങ്ങളിൽ വിതരണം ചെയ്യുന്നതിന് 01-7-2017 ൽ മണിമല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ച തുകയിൽ അന്നേ ദിവസം വിതരണം ചെയ്തതിന് ശേഷമുള്ള തുകയുമാണ്. ഈ തുക കാഷ്ബുക്ക് പ്രകാരം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരുന്നെങ്കിലും സബ്സിഡിയറി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ല. അപാകത ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കി.

## 1-10 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമായിരുന്നുവെങ്കിലും ചില വീഴ്ചകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നു. രേഖകളും രജിസ്റ്ററുകളും ശരിയായി സൂക്ഷിക്കുന്നതിന് സ്ഥാപനം ശ്രദ്ധിച്ചിട്ടുണ്ട്. വാടക, ലേലം എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അനുബന്ധരേഖകളും കൃത്യമായി തയാറാക്കുന്നതിനും ഓഡിറ്റിന് ഹാജരാക്കുന്നതിനും ടി സെക്ഷനുകളുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ കാട്ടിയ ഉത്തരവാദിത്വം പ്രശംസനീയമാണ്. തൊഴിൽനികുതി, ഡി&ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ മതിയായ ഉത്തരവാദിത്വം കാട്ടിയിട്ടില്ല. സ്ഥിതിവിവര രേഖയായ ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കിയിട്ടില്ല. വൗച്ചറുകൾ അനുബന്ധരേഖകളുൾപ്പെടെ മാസംതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി ഡിമാന്റ്, കുടിശ്ശികഡിമാന്റുകൾ, വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ച് സഞ്ചയ സംവിധാനത്തിൽ തയാറാക്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി മിനിറ്റ്സ് ബുക്ക് 2016-17 വർഷാരംഭം മുതൽതന്നെ സകർമ്മ എന്ന സോഫ്റ്റ് വെയർ മുഖേനയാണ് തയാറാക്കിയിട്ടുള്ളത് .

ശ്രീ ഓമനക്കുട്ടൻ, നെടുംപറമ്പിൽ, മുക്കട പി.ഒ എന്നയാൾ പഞ്ചായത്തിന്റെ അനുമതി വാങ്ങാതെയും പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ചും മൂന്ന് നിലക്കെട്ടിടം നിർമാണം പൂർത്തിയാക്കി ക്രമീകരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതുവരെ ഉത്തരവാദിത്തപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെട്ടില്ലയെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മയെ കാണിക്കുന്നു. ക്രഷർ യൂണിറ്റുൾപ്പെടെയുള്ള പാറമടയ്ക്ക് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കാതെ ലൈസൻസ് അനുവദിച്ചതിലും ആഭ്യന്തരനിയന്ത്രണത്തിലെ അപാകം ശ്രദ്ധയിൽപ്പെട്ടു. അർഹതയുള്ള അധികാരസ്ഥാപനത്തിന്റെ അനുമതിയില്ലാതെ പശ്ചിമഘട്ട വികസന പദ്ധതി തുകയുപയോഗിച്ച് നീർത്തടങ്ങളിലുൾപ്പെട്ട പട്ടികജാതി വിഭാഗം ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അധികതുക അനുവദിച്ചതും ആഭ്യന്തരനിയന്ത്രണം ഫലപ്രദമായിരുന്നില്ലയെന്നത് സാധൂകരിക്കുന്നു. വസ്തുനികുതി യിൽ കുടിശ്ശിക നിലനിൽക്കുന്നത് നികുതി പിരിവിലെ കാര്യക്ഷമതകുറവിന് തെളിവാണ്. സ്വകാര്യാശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യുന്നതിനൊപ്പം ഡി& ഒ ട്രേഡ് ലൈസൻസ് കൂടി എടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

നികുതിപിരിവിലുൾപ്പെടെ കാര്യക്ഷമത കൈവരിച്ച് ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.05.2017 | 4/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.4.2016 - 27.4.2016 | 2011-12 മുതൽ 2015-16 വരെ. | LBA (H.Q)/11/8-B/1158/24 തീ.23.5.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിന്റെ അവലോകനം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 2,15,944/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 69560018/- രൂപയും ചെലവ് 70922654/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 49159417/- രൂപയും ആകെ ചെലവ് (നീക്കിയിരിപ്പ് ഒഴികെ) 36470350/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 12689067/- രൂപയാണ്. 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 34550371/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 1885678/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 15684693/-രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കണക്കാക്കിയിട്ടില്ല.

4) കെ.എസ്.ഇ.ബി. മണിമലയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി 2500/-രൂപ ഡിമാൻഡ് ചെയ്തിട്ടുണ്ടെങ്കിലും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 വസ്തു നികുതി നിർണ്ണയം റോഡുകളുടെ യഥാർത്ഥ വീതി പരിഗണിക്കുന്നില്ല

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) 88/2013/ത.സ്വ.ഭ.വ തീയതി 13/03/02013 പ്രകാരം വസ്തു നികുതിയിൽ ഇളവുകൾ/വർദ്ധനവ് അനുവദിക്കുന്നതിന് പഞ്ചായത്തിലെ റോഡുകളുടെ വീതി സംബന്ധിച്ച വിശദാംശങ്ങൾ സെക്രട്ടറി പൊതുജനങ്ങളുടെ അറിവിലേക്കായി നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്നും ഒരു നികുതി നിർണ്ണയ കാലയളവിൽ ഇത് മാറ്റം വരുത്തരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ പി.ഡബ്ല്യു.ഡി റോഡുകൾ, പി.എം.ജി.എസ്.വൈ റോഡ് എന്നിവ പഞ്ചായത്ത് പരിധിയിൽ ഉണ്ടെങ്കിലും ( 6 മീറ്ററിൽ കൂടുതൽ വീതിയുള്ളവ ) ഇളവിന് പരിഗണിക്കുമ്പോൾ വിവിധ അന്വേഷണ ഉദ്യോഗസ്ഥർ വീതി സംബന്ധിച്ച് വിവിധ നിലപാട് സ്വീകരിക്കുന്നതായി കാണുന്നു. അസറ്റ് രജിസ്റ്റർ പ്രകാരം വിവിധ പഞ്ചായത്ത് റോഡുകൾ പോലും 5മീറ്ററിൽ കൂടുതൽ വീതിയുള്ളവയാണ്. പി.ഡബ്ല്യു.ഡി റോഡുകൾ ഉൾപ്പെടെ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം ഉള്ള കെട്ടിടങ്ങൾക്കും അനുവദനീയമായ 20% വർദ്ധനവ് വരുത്തി നികുതി നിർണ്ണയിക്കാത്ത സാഹചര്യം 2016-17 സപ്ളിമെന്ററി അസസ്സ്മെന്റിൽ ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ആന്റണി വർഗ്ഗീസ്, കൂടപ്പാട്ട്, കറിക്കാട്ടൂർ പി.ഒ (കെട്ടിട നമ്പർ, വാർഡ് 14/17-B, തറ വിസ്തീർണ്ണം 236.86 ച.മീ) എന്നയാളുടെ, ലൊക്കേഷൻ പ്ളാൻ പ്രകാരം 6 മീറ്റർ വീതിയുള്ള കറിക്കാട്ടൂർ-മുക്കട റോഡിൽ നിന്ന് പ്രവേശനം ഉള്ള കെട്ടിടത്തിന് 5 മീറ്ററിൽ താഴെ വീതി കണക്കാക്കിയാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്.

| ഈടാക്കിയ നികുതി | | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|
| തറ വിസ്തീർണ്ണം 236.86 ച.മീx6<br>(ഇളവ്, വർദ്ധനവ് ഇല്ല) | 1422<br>1422 | 1422<br>വർദ്ധനവ്20% 284<br>ആകെ 1706 | 284 |
| ലൈബ്രറി സെസ് | 72 | 85 | 13 |
| സേവന നികുതി | 256 | 307 | 51 |
| ആകെ | 1750 | 2098 | 348 |

2. സാബു ജോസഫ്, കോവാട്ട്, മണിമല (കെട്ടിട നമ്പർ, വാർഡ് 15/290/എ, തറ വിസ്തീർണ്ണം 253.47 ച.മീ)

ലൊക്കേഷൻ പ്ളാൻ പ്രകാരം 7 മീറ്റർ വീതിയുള്ള മണിമല -നെല്ലിത്താനം റോഡിൽ നിന്ന് പ്രവേശനം ഉള്ള കെട്ടിടത്തിന് 5 മീറ്ററിൽ താഴെ വീതി കണക്കാക്കിയാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്.

| ഈടാക്കിയ നികുതി | | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|
| തറ വിസ്തീർണ്ണം 253.47 ച.മീx6<br>(മേഖല ഇളവ് 10% ) | 1520.82<br>152.082<br>1369 | 1520.82<br>ഇളവ് 10% 152.082<br>ആകെ 1369<br>വർദ്ധനവ് 20% 304.164<br>1673 | 304 |
| ലൈബ്രറി സെസ് | 69 | 84 | 15 |
| സേവന നികുതി | 247 | 301 | 54 |
| ആകെ | 1685 | 2058 | 373 |

3. റെനി ജോസഫ്, വയലിൽ, കറിക്കാട്ടൂർ (കെട്ടിട നമ്പർ, വാർഡ് 2/51/ബി,തറ വിസ്തീർണ്ണം 147.34 ച.മീ) രേഖകൾ പ്രകാരം പി.എം.ജി.ആർ.എസ്.വൈ റോഡിൽ നിന്ന് പ്രവേശനം ഉള്ള കെട്ടിടത്തിന് 5 മീറ്ററിൽ താഴെ വീതി കണക്കാക്കിയാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. ഏറ്റവും കുറഞ്ഞത് 6 മീറ്റർ വീതിയെങ്കിലുമുള്ള റോഡുകളാണ് പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തുന്നത്.

| ഈടാക്കിയ നികുതി | | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|
| തറ വിസ്തീർണ്ണം 147.34 ച.മീx6<br>(മേഖല ഇളവ് 10% ) | 884.04<br>88.04<br>796 | 884.04<br>ഇളവ് 10% 88.04<br>ആകെ 796<br>വർദ്ധനവ് 20% 176<br>972 | 176 |
| ലൈബ്രറി സെസ് | 40 | 49 | 9 |
| സേവന നികുതി | 144 | 175 | 31 |
| ആകെ | 980 | 1196 | 216 |

4. സാലു.പി.മാത്യു, പതാലിൽ, പഴയിടം (കെട്ടിട നമ്പർ, വാർഡ് 3/280-ബി, തറ വിസ്തീർണ്ണം 271.13 ച.മീ) രേഖകൾ പ്രകാരം പഴയിടം-ഉപ്പുകുളം റോഡിൽ നിന്ന് പ്രവേശനം ഉള്ള കെട്ടിടത്തിന് 5 മീറ്ററിൽ താഴെ വീതി കണക്കാക്കിയാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. എന്നാൽ ആസ്തിരജിസ്റ്റർ പ്രകാരം ഈ റോഡിന് 8 മീറ്റർ വീതിയുണ്ട് Ref ID 1570001030000003

| ഈടാക്കിയ നികുതി | | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|
| തറ വിസ്തീർണ്ണം 271.13 ച.മീx6<br>(മേഖല ഇളവ് 10% )<br>ആകെ<br>(തറനിർമ്മിതി വർദ്ധനവ് 15% | 1626.78<br>162.67<br>1464.11<br>244.017<br>1709 | 1626.78<br>ഇളവ് 10% 162.67<br>ആകെ 1464.11<br>വർദ്ധനവ്20% 325.334<br>വർദ്ധനവ്10% 244.017<br>2033.00 | 324 |
| ലൈബ്രറി സെസ് | 86 | 102 | 16 |

| | | | |
|---|---|---|---|
| സേവന നികുതി | 308 | 366 | 58 |
| ആകെ | 2103 | 2501 | 398 |

പഞ്ചായത്ത് പരിധിയിൽ ഉള്ള റോഡുകളുടെ യഥാർത്ഥ വീതി കണക്കാക്കി നികുതി നിശ്ചയിക്കാത്തതുമൂലം പഞ്ചായത്തിന് വർഷങ്ങളോളം ധനനഷ്ടം ഉണ്ടാകുന്ന രീതിയിൽ നികുതി നിർണ്ണയിച്ചതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് (നം.1) മറുപടി നല്കിയില്ല. മുകളിൽ പരാമർശിച്ചിട്ടുള്ളതുൾപ്പെടെ പഞ്ചായത്ത് പരിധിയിലുള്ള റോഡുകളുടെ വീതി കൃത്യമായി നിർണ്ണയിച്ച് പ്രസിദ്ധീകരിക്കേണ്ടതും 5 മീറ്ററിന് മുകളിൽ വീതിയുള്ള റോഡുകളിൽ നിന്നും പ്രവേശനമുള്ള കെട്ടിടങ്ങളുടെ നികുതി പുന:പരിശോധിച്ച് അപാകം ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച വ്യക്തികളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കെ.എസ്.ഇ.ബി, കറിക്കാട്ടൂർ, ബി.എസ്.എൻ.എൽ മണിമല എന്നീ സ്ഥാപനങ്ങളിൽ നിന്ന് 2016-17 സാമ്പത്തികവർഷം സ്ഥാപനതൊഴിൽ നികുതിയും, മുള്ളൂട്ടിൽ ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിന്റെ പൊന്തൻപുഴ, മുക്കട ശാഖകളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവയും ഈടാക്കിയിട്ടില്ല.

ടി സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്കുകൾക്ക് നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല -വൈദ്യുതിചാർജിനത്തിൽ വലിയ ചെലവ്.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി തൻവർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി 29,96,770 രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ചെലവിന്റെ വിശദാംശങ്ങൾ | തുക | ഡി.ഡി.നം. |
|---|---|---|---|
| SO87/17 | 47 ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 47@10600 | 498200 | 84000 തീ.30.12.16 |
| SO151/17 | സ്ട്രീറ്റ്മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുക | 24,98,570 | ബിൽനം.28/16-17 236570/ രൂപ<br>ബിൽനം.30/16-17 735000/രൂപ തീ.25.3.17<br>ബിൽ നം.29/16-17 1500000/രൂപ തീ.25.3.17 |

നാളിതുവരെ ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. വൈദ്യുതി ഉപഭോഗത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്താത്ത ബില്ലിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിൽ നിന്നും തെരുവുവിളക്കുകളുടെ കറന്റ് ചാർജ് അടവാക്കുന്നത്. തെരുവുവിളക്കുകളുടെ കറന്റ് ചാർജിനത്തിൽ 37,286/- രൂപ ഫിക്സഡ് ചാർജായി പഞ്ചായത്ത് അടവാക്കി വരുന്നു. മീറ്റർ യഥാസമയം സ്ഥാപിച്ച് യഥാർത്ഥ വൈദ്യുത ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് ഒടുക്കുന്നതിനും പാഴ് ചെലവ് ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പദ്ധതിവിഹിതത്തിൽ നിന്നും മീറ്റർ ഘടിപ്പിക്കുന്നതിനായി 29,96,770 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രയോജനം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

## 3-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല

2016-17 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിക്ക് ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം 1,00,000/- രൂപയും ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പാക്കിയ ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിന് ലഭിച്ച 2,00,000/-രൂപയും സംയുക്ത പ്രോജക്ടുകൾക്കായി ആരംഭിച്ച ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ജി.ഒ.(പി.)നം.7/2017/പിൻ തീ.23.01.2017 അനുസരിച്ച് തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-3 പശ്ചിമഘട്ട വികസനപദ്ധതി -- തുക പൂർണ്ണമായും തിരികെ ഒടുക്കിയിട്ടില്ല.

കോട്ടയം ജില്ലാകളക്ടറുടെ 22-9-2016-ലെ 720/15/ഡബ്ള്യൂ.ജി/ഡി.പി.ഒ/കോട്ടയം നമ്പർ കത്ത് പ്രകാരം പശ്ചിമഘട്ട വികസനപദ്ധതിയുടെ അക്കൗണ്ടിൽ ബാക്കിയുള്ള തുകയും, അതിന്റെ നാളിതുവരെയുള്ള പലിശയും ചേർത്ത് പശ്ചിമഘട്ട സെൽ ജോയിന്റ് ഡയറക്ടറുടെ പേരിൽ 799011400000094 നമ്പർ അക്കൗണ്ടിലേക്ക് ചെക്ക് എടുത്ത് ജില്ലാ പ്ലാനിംഗ് ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. 2015-16 വർഷം പശ്ചിമഘട്ട വികസനപദ്ധതി ഫണ്ടുപയോഗിച്ച് ഭവനപുനരുദ്ധാരണത്തിന് പദ്ധതി തയ്യാറാക്കുകയും, പാലത്തിനാപ്പുഴ നീർത്തടത്തിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്ത് ഗുണഭോക്താക്കൾക്ക് മുൻകൂറായി 25000/-രൂപ വീതം നൽകുകയും ചെയ്തു. പുനരുദ്ധാരണം പൂർത്തിയാക്കിയ ഒരാൾ രണ്ടു ഗഡുക്കളായി 50000/-രൂപ കൈപ്പറ്റിയിട്ടുള്ളതിനാൽ ബാക്കിയുള്ള തുകയിൽ ഒൻപത് ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു തുക നൽകുന്നതിനുള്ള അനുമതിക്കായി 23-9-2016 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം സംസ്ഥാന പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിച്ച പ്രൊപ്പോസലിൻമേൽ തീരുമാനമുണ്ടാകുന്നതുവരെ 225000/-രൂപ പശ്ചിമഘട്ട വികസനപദ്ധതി അക്കൗണ്ടിൽ നില നിർത്തുന്നതിനും ബാക്കിയുള്ള തുക ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം ഒടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് കമ്മിറ്റി 6-10-2016 ലെ 12(2) നമ്പർ പ്രകാരം തീരുമാനിച്ചു. ആയതിൻ പ്രകാരം 188095/-രൂപ തിരിച്ചടച്ചു. (ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 6-1-17-ലെ നിർദ്ദേശപ്രകാരം ചെക്ക് റീവാലിഡേറ്റ് ചെയ്ത് നൽകിയിട്ടുമുണ്ട്.) എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം ഫയലിൽ ലഭ്യമല്ല. 4-7-2017-ൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 482295/-രൂപ നീക്കിയിരിപ്പുണ്ട്. അധികാരപ്പെട്ട സ്ഥാപനത്തിന്റ അനുമതിയില്ലാതെ പശ്ചിമഘട്ട വികസനഫണ്ടുപയോഗിച്ച് ഭവനപുനരുദ്ധാരണ പ്രോജക്ട് തയാറാക്കി തുക ചെലവഴിച്ചത് തുകയുടെ വകമാറ്റലാണ്. ജില്ലാകളക്ടറുടെ 29-6-2017-ലെ 720/15/ഡബ്ള്യൂ.ജി/ഡി.പി.ഒ/കോട്ടയം കത്ത് പ്രകാരം പദ്ധതിയുടെ ബാക്കി തുക എത്രയും വേഗം പലിശ സഹിതം തിരികെ ഒടുക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-4 ആസ്ബസ്റ്റോസ് റൂഫിൽ സീലിംഗ്-കോൺക്രീറ്റ് മേൽക്കൂരയിലെ സീലിംഗിനുള്ള നിരക്ക് നല്കി

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് സാംസ്കാരിക നിലയം നവീകരണവും സ്റ്റോർ നിർമ്മാണവും |
| പ്രോജക്ട് നം | 0014/17 |
| കരാറുകാരൻ | ജോർജ് തോമസ്, വളയത്ത് |
| അളവുപുസ്തകം | 789/AEE/KPLY/15-16 |
| അടങ്കൽ | 475000/- (തനത്ഫണ്ട്) |
| ചെലവ് | 22-7-16 ലെ 719044 ട്രഷറി ചെക്ക് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയ 469700/-രൂപയിൽ നികുതികൾ കിഴിച്ച് 441518 രൂപ കരാറുകാരന് അക്കൗണ്ടിലേക്ക് നല്കി |

പഞ്ചായത്ത് സാംസ്കാരിക നിലയം നവീകരണവും സ്റ്റോർ നിർമ്മാണവും എന്ന പ്രവൃത്തിയുടെ അനുബന്ധം-ബി ഇനം 4,5,6 എന്നിവ അസ്ബസ്റ്റോസ് റൂഫ് ഉള്ള കെട്ടിടത്തിന് പി.വി.സി റൂഫ് സീലിംഗ് നിർമ്മാണമായിരുന്നു. പി.വി.സി റൂഫ് സീലിംഗിന് ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം 5955 രൂപ/10 ച.മീ നിരക്കും, അലുമിനിയം ഫ്രയിം നിർമ്മിക്കുന്നതിന് ഡി.എസ്.ആർ 21.5 പ്രകാരം 660രൂപ/കി.ഗ്രാം നിരക്കും, കൂടാതെ ജി.ഐ ലവൽ അഡ്ജസ്റ്റിംഗ് ഹാങ്ങറിന് ഡി.എസ്.ആർ 21.6 പ്രകാരം 151രൂപ/എണ്ണം നിരക്കും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവുപുസ്തകത്തിൽ രേഖപ്പെടുത്തി തുക നല്കിയിട്ടുള്ളതും. സീലിംഗ് നിർമ്മാണത്തിന് ചെലവഴിച്ച

തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഇനം-4<br>പി.വി.സി സീലിംഗ് | 84.16ച.മീ@5955 രൂപ/10 ച.മീ | 50117.28 |
| ഇനം-5<br>അലുമിനിയം ഫ്രെയിം | 45.03കി.@660രൂപ/കി.ഗ്രാം | 29719.8 |
| ഇനം-6<br>ലവൽഅഡ്ജസ്റ്റിംഗ് ഹാങ്ങർ | 151എണ്ണം@151രൂപ/എണ്ണം | 22801 |
| ആകെ | | 102638.08 |

ഇതേ കാലയളവിൽ നിർവ്വഹണം നടത്തിയ കൊന്നകളം അംഗൻവാടി നിർമ്മാണത്തിന് സ്വകാര്യഏജൻസി ചതുരശ്രമീറ്ററിന് 835/- രൂപക്ക് ലാഭം ഉൾപ്പെടെ ചെയ്ത പ്രവൃത്തിയാണ് ചതുരശ്രമീറ്ററിന് 1220 രൂപക്ക് ചെയ്തിട്ടുള്ളത്(102638.08/84.16=1219.55). നിരക്കുകൾ വിശദമായി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

പി.വി.സി സീലിംഗിന് ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം 5955 രൂപ/10 ച.മീ നിരക്ക് നല്കിയത് അംഗീകരിക്കാവുന്നതാണ്. പ്രസ്തുത ഡാറ്റയിൽ അലുമിനിയം ഫ്രയിമിന് വേറേ തുക നല്കുന്നതിന് അനുമതിയുണ്ട്. ഇതിന് നല്കിയ നിരക്ക് ഡി.എസ്.ആർ 21.5 പ്രകാരം 660രൂപ/കി.ഗ്രാം ആണ്. 2014 ഡി.എസ്.ആർ ൽ പി.വി.സി സീലിംഗ് എന്ന ഇനം ഉൾപ്പെട്ടിട്ടില്ല. പകരം മറ്റിനം ഫോൾസ് സീലിംഗ് ആണ് ഉള്ളത് . ഇതിന് അലുമിനിയം ഫ്രെയിം നിർമ്മിക്കുന്നതിന് ആവശ്യമുള്ള മെറ്റീയൽസ് ഉപയോഗിച്ചുള്ള ഡാറ്റയാണ് 21.5 ൽ പ്രതിപാദിച്ചിട്ടുള്ളത്. താരതമ്യേന കനം കുറഞ്ഞ പി.വി.സി സീലിംഗ് ചെയ്യുമ്പോൾ അലുമിനിയം ഫ്രെയിം നിർമ്മാണത്തിന് മേൽ പറഞ്ഞ അളവിൽ മെറ്റീരിയൽസ് ഉപയോഗിക്കുന്നില്ല. കൂടാതെ സ്കാഫോൾഡിംഗിനുള്ള തുക മേൽ പരാമർശിച്ചിട്ടുള്ള രണ്ട് ഇനങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയായിരുന്നു അലുമിനിയം ഫ്രെയിം നിർമ്മാണത്തിന് നിരക്ക് നിർണ്ണയിക്കേണ്ടിയിരുന്നത്.

ഇനം-6 ആയി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് കോൺക്രീറ്റ് മേൽക്കൂരയിൽ സീലിംഗ് ഉറപ്പിക്കുന്നതിനുള്ള ഇനങ്ങളാണ് (expandable dash fastener, ceiling cleats etc.,ഡി.എസ്.ആർ 21-6). ഓഡിറ്റ് നടത്തിയ പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന് ആസ്ബസ്റ്റോസ് റൂഫ് ആണ് എന്ന് ബോധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡി.എസ്.ആർ 21.6 പ്രകാരം കോൺക്രീറ്റ് മേൽക്കൂരയിൽ സീലിംഗ് ഉറപ്പിക്കുന്നതിനുള്ള ഇനങ്ങൾക്ക് നല്കിയ തുക അംഗീകരിക്കാൻ കഴിയില്ല. നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം<br>(MB NO. 789/AEE/KPLY/15-16 Page-79,80) | എണ്ണം | നിരക്ക്<br>എണ്ണത്തിന് | ആകെ |
|---|---|---|---|
| Providing and fixing 6mm dia GI level adjusting hangers fixed to roof slab by means of ceiling cleats etc complete (DSR 21.6) | 151 | 151/no | 22801 |

അലുമിനിയം ഫ്രെയിം നിർമ്മാണത്തിന് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി യഥാർത്ഥ നിരക്ക് നല്കാതെ അധിക നിരക്ക് നല്കിയതിനും ആസ്ബസ്റ്റോസ് റൂഫിൽ സീലിംഗിന് കോൺക്രീറ്റ് മേൽക്കൂരയിൽ സീലിംഗ് ഉറപ്പിക്കുന്നതിനുള്ള നിരക്ക് നല്കിയതിനുമുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഇനം 5 പ്രകാരം ചെയ്ത അലുമിനിയം ഫ്രെയിം നിർമ്മാണത്തിനുള്ള യഥാർത്ഥ നിരക്ക് നിർണ്ണയിച്ച് അധിക തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്. ഈ ഇനത്തിൽ ചെലവഴിച്ച 29720/- രൂപ അപാകം പരിഹരിക്കും വരെ തടസ്സപ്പെടുത്തുന്നു. ഇനം 6 പ്രകാരം ചെയ്തതായി രേഖപ്പെടുത്തി നല്കിയ അനുവദനീയമല്ലാത്ത 22801/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 ദുരിതാശ്വാസ നിധി-തുടർനടപടികളില്ല

പഞ്ചായത്ത് പ്രദേശത്തുള്ള ദുരിതബാധിതരെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ദുരിതാശ്വാസ നിധിയിലേക്ക് 4-7-2016 മുതൽ ഫണ്ട് ശേഖരിക്കുകയും മണിമല സർവ്വീസ് സഹകരണ ബാങ്കിൽ തുടങ്ങിയിട്ടുള്ള 2520 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 17575/-രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ നാളിതുവരെ അർഹരായ ഗുണഭോക്താക്കളെ സഹായിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയുടെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പു വരുത്തേണ്ടതാണ്.

## 3-6 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം.S.57/17

അടങ്കൽ-50,000 മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ബിൽ നം.19/16-17 -50,000 തീ.13.2.17

ഡി.ഡി.നം.83994 തീ.30.12.16

മണിമല ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയ്ക്ക് 2016-17 സാമ്പത്തിക വർഷം മരുന്ന് വാങ്ങുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിലൂടെ 50,000/- രൂപ വകയിരുത്തിയിരുന്നു. ടി തുകയ്ക്കുള്ള ഡി.ഡി. മാനേജിംഗ് ഡയറക്ടർ ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് പേരിൽ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ടിയിനത്തിൽ ചെലവഴിച്ച 50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ആയുർവേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രോജക്ട് നം.S 58/17

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) -5,00,000

ബിൽനം.17/16-17 -500,000 തീ.22.12.16

ഡി.ഡി.നം.083998 തീ.30.12.2016

ആയുർവേദാശുപത്രിയ്ക്ക് മരുന്നുവാങ്ങുന്നതിനായി 2016-17 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റിലൂടെ 500,000 രൂപ വകയിരുത്തിയിരുന്നു. ടി തുകയ്ക്കുള്ള ഡി.ഡി.ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. 371761/- രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. 128239/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിയ്ക്കാൻ അവശേഷിയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. 128239/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 വ്യക്തിഗത ഗുണഭോക്താക്കൾ ആദ്യഗഡു തുകകൾ കൈപ്പറ്റിയത്--തുടർ നടപടികൾ നിരീക്ഷിക്കേണ്ടതാണ്.

അസി.സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പഠനമുറി നിർമ്മാണം,ഭവനനിർമ്മാണം പ്രോജക്ടുകളിലൂടെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു ധനസഹായതുകകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക |
|---|---|---|
| എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി 092/17 | 45 | 50000/-വീതം(ആദ്യ ഗഡു) |
| വൃദ്ധർക്ക് ഭവനനിർമ്മാണം 103/17 | 2 | 30000/-വീതം(ആദ്യ ഗഡു) |
| പട്ടിക വർഗ്ഗം ഭവനനിർമ്മാണം 181/17 | 1 | 35000/-(ആദ്യ ഗഡു) |

ആദ്യ ഗഡു തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ തുടർ പ്രവർത്തനങ്ങൾ നടത്തി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-9 വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തിപൂർത്തീകരണ വിവരം നാളിതുവരെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | നിക്ഷേപിച്ച തുക | നിർവ്വഹണ ഏജൻസി | ഡി.ഡി.നം./തീയതി /ബിൽ നം./തീയതി |
|---|---|---|---|---|
| 1. | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ S0087/17 | 498200 | കെ.എസ്.ഇ.ബി | 84000 തീ.30.12.2016 |
| 2. | 3-ാം വാർഡ് കുഴൽ കിണർ നിർമ്മാണം S0168/17 | 85386<br>63608 | ഭൂഗർഭ ജലവകുപ്പ് | ബിൽ നം. 38/16-17 തീ.29.3.17<br>ബിൽ നം. 39/16-17 തീ29.3.17 |
| 3. | അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ S0073/17 | 9900 | കെ.എസ്.ഇ.ബി | ബിൽ നം.41/16-17 തീ.29.3.17 |
| 4. | വളകൊടി സാംസ്കാരിക നിലയം വയറിംഗ് നടത്തൽ So150/17 | 105600 | പൊതുമരാമത്ത് വൈദ്യുതി വിഭാഗം | ബിൽ നം.21/16-17തീ.10.2.17 |
| 5. | വനിതാതൊഴിൽ പരിശീലനകേന്ദ്രം വയറിംഗ് നടത്തൽSO149/17 | 161700 | ” | ബിൽ നം.20/16-17 തീ.10.2.17 |
| 6. | 9-ാം വാർഡിൽ കുഴൽ കിണറിന് ഹാൻഡ് പമ്പ് സ്ഥാപിക്കൽSO 179/17 | 38093 (വികസന ഫണ്ട്)<br>787 (തനത് ഫണ്ട്) | ഭൂഗർഭ ജലവകുപ്പ് | ബിൽ നം.40/16-17 തീ.29.3.17 |
| 7. | സ്ട്രീറ്റ് മെയിൻ വലിക്കൽSO151/17 | 263570<br>1500000<br>735000 | കെ.എസ്.ഇ.ബി | 28/16-17 തീ.25.3.17<br>29/16-17 തീ.25.3.17<br>30/16-17 തീ.25.3.17 |
| 8. | സമ്പൂർണ്ണ വൈദ്യുതീകരണം SO166/17 | 212910 | “ | 22/16-17 തീ.10.2.17 |
| 9. | അംബേദ്കർ കോളനി കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരിക്കൽSO074/17 | 2700 | “ | 33/16-17 തീ.25.3.17 |

| | | | | |
|---|---|---|---|---|
| 10. | കേരള സാമൂഹിക സുരക്ഷാമിഷന് പ്രവർത്തന ഫണ്ട്S0053/17 | 100000<br>400000 | എക്സിക്യൂട്ടീവ് ഡയറക്ടർ,സാമൂഹിക സുരക്ഷ മിഷൻ | 12/16-17 തീ.28.10.16<br>32/16-17 തീ.25.3.17 |
| 11. | എസ്,എസ്.എ (ജനറൽ)<br>S00 16/17 | 521638 | ജില്ലാ പ്രോജക്ട് ഓഫീസർ | 83530/28.10.2016 |
| 12. | എസ്.എസ്.എ (എസ്.സി.പി) S0048/17 | 92347 | " | 83534/28.10.16 |
| 13. | എസ്.എസ്.എ (റ്റി.എസ്.പി) S0049/17 | 12479 | " | 83529/28.10.16 |
| ആകെ | | 4803918 | | |

വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ 4803918 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്. | 17-3-16 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്. | 6-3-17 | 100000 | പാലിയേറ്റീവ് കെയർ | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത്. | 10-1-17 | 100000 | അങ്കണവാടി പോഷകാഹാരം. | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 25-3-17 | 149580 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 149580 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 25-3-17 | 100000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ്. | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 25-3-17 | 200000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 0 | 200000 |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പ്രോ.നം 168/17, കുഴൽകിണർ നിർമാണം.(വാർഡ്.3),<br>179/17, 9-ാം വാർഡിൽ കുഴൽകിണറിന് ഹാന്റ് പമ്പ് സ്ഥാപിക്കൽ | 63608<br>85386<br>38093 | ഇല്ല | 187087 |
| കെ.എസ്.ഇ.ബി | 087/17, തെരുവ് വിളക്ക് മീറ്റർ | 498200 | ഇല്ല | 3212380 |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ,<br>166/17, സമ്പൂർണവൈദ്യുതീകരണം,<br>151/17, സ്ട്രീറ്റ് മെയിൻ വലിക്കൽ,<br>074/17, അംബേദ്കർ കോളനി കമ്യൂണിറ്റി ഹാളിന് വൈദ്യുതി കണക്ഷൻ | 212910<br>263570<br>1500000<br>735000<br>2700 | | |
| പി.ഡബ്ല്യൂ.ഡി | 149/17, കരിക്കാട്ടൂർ ട്രെയിനിംഗ് സെന്റർ വയറിംഗ്,<br>150/17, വളകൊടി സാംസ്കാരിക നിലയം വയറിംഗ് | 161700<br>105600 | ഇല്ല | 267300 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനവായ്പ | ജി.ഒ.എംഎസ്.1317/2010 /ത.സ്വ.ഭ.വതീ.16.4.2010 | 15351000 | 52500 | 52500 | ---- | 0 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 92419 |
| തൻവർഷം നിക്ഷേപിച്ച തുക | 9704 |
| ആകെ | 102123 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 102123 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2011-12 | 3-3 | 731 | ജോൺ.കെ, സെക്രട്ടറി. | 11603100052/4.4.16 |
| 2011-12 | 3-2 | 3000 | ജോൺ.കെ, സെക്രട്ടറി&ഷാനവാസ് | 11603100080/6.4.16 |

| | | | | |
|---|---|---|---|---|
| 2008-09 | 2-1 | 272 | എം.കെ.സോമശേഖരപിള്ള. | 11603100910/5.7.16 |
| 1997-98 | 10 | 19 | എൻ.ഗീതാദേവി. | 11603101344/31.8.16 |
| 1997-98 | 11 | 20 | എ.കെ.സുകുമാരൻ | 11603101345/31.8.16 |
| 1997-98 | 15 | 32 | ജയശ്രീ ഗോപിദാസ് | 11603101346/31.8.16 |
| 1997-98 | 15 | 32 | ജയശ്രീ ഗോപിദാസ് | 11603101347/31.8.16 |
| 1997-98 | 16 | 20 | എ.കെ.സുകുമാരൻ | 11603101348/31.8.16 |
| 2014-15 | 3-2 | 1613 | എം.റഹിം,A.E | 11603101391/6.9.16 |
| 2014-15 | 3-3 | 4540 | എം.റഹിം,A.E | 11603101392/6.9.16 |
| 1999-2000 | 21(C) | 150 | കെ.എം.ആന്റണി | 11603101407/8.9.16 |
| 1999-2000 | 44 | 57 | പി.ഡി.കുട്ടപ്പൻ,<br>കൺവീനർ | 11603101426/9.9.16 |
| 1999-2000 | 44 | 74 | പാപ്പൻ,കുന്നേൽ | 11603101427/9.9.16 |
| 1999-2000 | 44 | 63 | എ.എം.എബ്രഹാം,കൺവീനർ | 11603101428/9.9.16 |
| 1999-2000 | 28(2) | 101 | തോമസ്,മൈലേട്ട് | 11603101632/30.9.16 |
| 1999-2000 | 32(1) | 40 | തോമസ്,മൈലേട്ട് | 11603101633/30.9.16 |
| 1999-2000 | 32(2) | 32 | ബേബിച്ചൻ വർഗീസ് | 11603101634/30.9.16 |
| 1999-2000 | 45 | 1101 | പാപ്പൻ,കുന്നേൽ | 11603101670/4.10.16 |
| 2010-11 | 3(6) | 281 | ജോൺ.കെ.തോമസ് | 11603101780/20.10.16 |
| 2000-01 | 2(4) | 2129 | എം.റഹിം.A.E | 11603101892/15.11.16 |
| 2000-01 | 2(4) | 1203 | എം.റഹിം.A.E | 11603101891/15.11.16 |
| 2011-12 | 2.6 | 1000 | ജോൺ.കെ.തോമസ് | 11608100322/6.1.17 |
| 2015-16 | 3.10(2) | 2324 | കൺവീനർ,പ്രോ.നം.258/16 | 11608100191/19.12.16 |
| | 2.2.2 | 1217 | വി.ജി.ജയകുമാർ,<br>സെക്രട്ടറി. | 11608500016/18.1.17 |
| | | 1130 | ,, | 11608500017/18.1.17 |
| | | 1238 | ,, | 11608500018/18.1.17 |
| | | 1050 | ,, | 11608500019/18.1.17 |

| | | | | |
|---|---|---|---|---|
| | | 1130 | ,, | 11608500020/18.1.17 |
| | | 1483 | ,, | 11608500021/18.1.17 |
| 2015-16 | 3.9 | 15854 | എൻ.ബി.സുശീല,<br>ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 11608101040/21.2.17 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 ജനകീയാസൂത്രണം | 1 | 2003-04 | 3 – 5 -1 | ജലസേചന പദ്ധതികളിൽ പാഴ്ചെലവ് | - |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39614283 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36470350 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22801 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5011877 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 22801 | ശ്രീ.എം.റഹിം, അസി.എഞ്ചിനീയർ,<br>ശ്രീ.അശോകൻ ടി.എം, അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 29,720 | ശ്രീ.എം.റഹിം, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ.അശോകൻ റ്റി.എം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | 50,000 | ശ്രീ.വി.ജി.ജയകുമാർ, സെക്രട്ടറി |
| 3-7 | 1,28,239 | |
| 3-9 | 48,03,918 | |
| | 5011877 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം - ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – 2-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.റഹിം,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>മണിമല ഗ്രാമപഞ്ചായത്ത് | കക്കാട്ടുകുടിവള വീട്, ചൂണ്ടിക്കൽ പി.ഒ, കിളിമാനൂർ |
| ശ്രീ.അശോകൻ റ്റി.എം,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | തൈക്കുട്ടതതിൽ, കലവൂർ പി.ഒ, ആലപ്പുഴ-688522 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97വരവ് | എൽ.എഫ്.കെ.പി 13/922/അദാലത്ത് 14/28.11.14 | 1 |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി 13/923/അദാലത്ത് 14/28.11.14 | 7 |
| 1997-98 വരവ് | എൽ.എഫ്.കെ.പി 9/1233/07/2.1.09 | - |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി 13/527/അദാ./14/23.12.14 | 16 |
| 1998-99 വരവ് | എൽ.എഫ്.കെ.പി 13/572/അദാ./14/7.1.15 | 4 |
| 1999-00 | എൽ.എഫ്.കെ.പി 13/653/ അദാ./14/7.1.15 | 22 |
| 2000-01<br>2001-02 പ്ലാൻ | എൽ.എഫ്.കെ.പി 13/1265(3)/ അദാ./14/23.2.15 | 14 |
| 2000-01 | എൽ.എഫ്.കെ.പി 13/1265(1)/അദാ./14/7.1.15 | 10 |
| 2001-02 | എൽ.എഫ്.കെ.പി 13/1265(2)/അദാ./14/7.1.15 | 6 |
| 2002-03 | എൽ.എഫ്.കെ.പി 13/432/15/11.11.15 | 5 |
| 2003-04 | എൽ.എഫ്.കെ.പി 13/433/15/11.11.15 | 9 |
| 2004-05 | എൽ.എഫ്.കെ.പി 13/1384/15/6.2.16 | 17 |
| 2005-06 | എൽ.എഫ്.കെ.പി 13/434/15/11.11.15 | 7 |
| 2006-07 | എൽ.എഫ്.കെ.പി 13/16/04/17.3.16 | 5 |
| 2007-08 | എൽ.എഫ്.കെ.പി 13/435/16/5.5.16 | 4 |
| 2008-09 | എൽ.എഫ്.കെ.പി 13/59/12/22.2.13/3.5.13 | 25 |

| | | |
|---|---|---|
| 2009-10,2010-11 | എൽ.എഫ്.കെ.പി 13/1582/14/30.10.15 | 20 |
| 2011-12 | എൽ.എഫ്.കെ.പി 13/1697/2013/7.10.14/10.12.14 | 25 |
| 2012-13 | എൽ.എഫ്.കെ.പി 13/523/15/8.6.15/7.7.15 | 14 |
| 2013-14 | കെ.എസ്.എ.കെ.ടി.എം.പി13/380/16/6.5.16 | 12 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി13/955/16/14.7.16 | 18 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി 13/1933/2016/13.12.16 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണിമല ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോട്ടയം

## അനുബന്ധം-2

### ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്

## Manimala Grama Panchayat
## BALANCE SHEET

For the period from 01-April-2016 to 31-March-2017

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 15684693.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 17575.00 |
| 312000000 | Reserves | B-3 | 13439689.00 |
| | **Total Reserve & Surplus** | | **29141957.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3858755.00 |
| | **Total Grants, Contributions for Specific Purposes** | | **3858755.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 843926.00 |
| 350000000 | Other Liabilities | B-9 | 705733.00 |
| | **Total Current Liabilities and Provisions** | | **1549659.00** |
| | **TOTAL LIABILITIES** | | **34550371.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 14893292.00 |
| 411000000 | Accumulated Depreciation | B-11 | -3013137.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **11880155.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 102123.00 |
| | **Total Investments** | | **102123.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 2947057.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 12689067.00 |
| 460000000 | Loand, Advances and Deposits | B-18 | 6931969.00 |
| | **Total Current Assets, Loans and Advances** | | **22568093.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **34550371.00** |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-3

### ഓഡിറ്റ് ചെയ്ത ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

## Manimala Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2016 to 31-March-2017

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3260712.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 494344.00 |
| 140000000 | Fee & User Charges | I-4(b) | 367914.00 |
| 150000000 | Sale & Hire Charges | I-5(b) | 160072.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 65145195.00 |
| 170000000 | Income from Investments | I-7 | 9704.00 |
| 171000000 | Interest Earned | I-8 | 120699.00 |
| 180000000 | Other Income | I-9 | 1378.00 |
| | **Total Income** | | **69560018.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8981687.00 |
| 220000000 | Administrative Expenses | I-11(b) | 720312.00 |
| 230000000 | Operations & Maintenance | I-12(b) | 1025381.00 |
| 240000000 | Interest & Finance Charges | I-13 | 628.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4313226.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 25380661.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2923650.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 152612.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 23489315.00 |
| 255000000 | Maintenance Projects | I-14(e) | 2649718.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 98651.00 |
| 272000000 | Depreciation | I-17(a) | 1186813.00 |
| | **Total Expenditure** | | **70922654.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-1362636.00** |
| 280000000 | Prior Period Item | I-18 | -1146692.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-215944.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം-4**

ഓഡിറ്റ് ചെയ്ത റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

**Manimala Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2016 to 31-March-2017

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 9545134.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 693960.00 |
| 130000000 | Rental income from Panchayat Properties | RP-3 | 42500.00 |
| 140000000 | Fees & User Charges | RP-4 | 225614.00 |
| 150000000 | Sale & Hire Charges | RP-5 | 160072.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7213832.00 |
| 171000000 | Interest Earned | RP-9 | 120699.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 26533970.00 |
| 350000000 | Other Liabilities | RP-36 | 54850.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 356428.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 1378.00 |
| 311000000 | Earmarked Funds | RP-29 | 17575.00 |
| 340000000 | Deposits Received | RP-34 | 799455.00 |
| 350000000 | Other Liabilities | RP-36 | 132946.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2875458.00 |
| 460000000 | Loans, Advances and Deposits | RP-47 | 385546.00 |
| | **Grand total** | | **49159417.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2365737.00 |
| 220000000 | Administrative Expenses | RP-12 | 720312.00 |
| 230000000 | Operations & Maintenance | RP-13 | 1025381.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1730200.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12433524.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2923650.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 100112.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 129000.00 |
| 255000000 | Maintenance Projects | RP-20 | 2649718.00 |
| 280000000 | Prior Period item | RP-26 | -443528.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 188095.00 |
| 350000000 | Other Liabilities | RP-36 | 5116889.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 628.00 |
| 330000000 | Secured Loans | RP-32 | 52500.00 |
| 340000000 | Deposits Received | RP-34 | 120790.00 |
| 350000000 | Other Liabilities | RP-36 | 1523713.00 |
| 410000000 | Fixed Assets | RP-38 | 1621257.00 |
| 460000000 | Loans, Advances and Deposits | RP-47 | 4212372.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 12601602.00 |
| Cash | Cash | RP-40(b) | 87465.00 |
| | **Grand Total** | | **49159417.00** |

ഡെപ്യൂട്ടി ഡയറക്ടർ